"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാര വകുപ്പ്- കൊച്ചി-മുസിരിസ് ബിനാലെയുടെ ആറാമത് എഡിഷന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുന്നതിനായി കൊച്ചി ബിനാലെ ഫൗണ്ടേഷന് ഒരു കോടി രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (സി) വകുപ്പ്**

സ.ഉ.(സാധാ) നം.189/2025/TSM    തീയതി,തിരുവനന്തപുരം, 29-03-2025

---

പരാമർശം:-
1. സ.ഉ(സാധാ) നം.669/2024/ടൂറിസം തീയതി 20-11-2024.
2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 06-02-2025 തീയതിയിലെ ഡിഒടി/10133/2023-പി2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആഭ്യന്തര വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന സമകാലീന കലയുടെ ഇന്റർനാഷണൽ ഫെസ്റ്റിവൽ ആയ കൊച്ചി-മുസിരിസ് ബിനാലെയുടെ ആറാമത് എഡിഷന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും,സാംസ്കാരിക വിനിമയം പരിപോഷിപ്പിക്കുന്നതിനും ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള സർക്കാരിന്റെ പ്രതിജ്ഞാബദ്ധതയുടെ ഭാഗമായി ബിനാലെയ്ക്കായി 2023-24 ബഡ്ജറ്റിൽ പ്രഖ്യാപിച്ച 2 കോടി രൂപയിലെ പ്ലാൻ ക്രമീകരണത്തിനു ശേഷമുള്ള ഒരു കോടി രൂപ ബിനാലെയുടെ വരാനിരിക്കുന്ന പതിപ്പിന്റെ ആവശ്യങ്ങൾക്കായി അനുവദിച്ച് നൽകണമെന്നും പരാമർശം (2) കത്ത് പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊച്ചി-മുസിരിസ് ബിനാലെയുടെ ആറാമത് എഡിഷന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുന്നതിനായി, 2024-25 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയിലെ പരാമർശം (1) ഉത്തരവിലെ പ്ലാൻ ക്രമീകരണത്തിനു ശേഷമുള്ള ₹1,00,00,000/-(ഒരു കോടി രൂപ), 3452-80-104-99- Conservation

& Preservation and Promotion of Heritage, Environment and Culture -(03)- Muziris Beinnale " എന്ന ശീർഷത്തിൽ നിന്നും കൊച്ചി ബിനാലെ ഫൗണ്ടേഷന് സ്പെഷ്യൽ കേസായി അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

3. മേൽ പ്രവൃത്തി വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ മുഖേന സമയബന്ധിതമായി പൂർത്തിയാക്കേണ്ടതും, പ്രവൃത്തിയുടെ നടത്തിപ്പിനായി നിലവിലെ സർക്കാർ ഉത്തരവുകളുടെ വ്യവസ്ഥകൾ നിർബന്ധമായി പാലിയ്ക്കേണ്ടതും, പദ്ധതി പൂർത്തീകരിച്ചതിനു ശേഷം ധനവിനിയോഗ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള രേഖകൾ വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കേണ്ടതും, വരവ് ചെലവ് കണക്കുകൾ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിന് വിധേയമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡി.ജഗദീഷ്

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I & II ), കേരള, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (ഫയൽ നമ്പർ 3060008/വ്യയം ബി2/58/2025-ധന)

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി (ടൂർ-സി2/249/2023-ടൂർ)

ഉത്തരവിൻ പ്രകാരം

Signed by
Archana T
Date: 29-03-2025 18:10:40

സെക്ഷൻ ഓഫീസർ

പകർപ്പ് : മുഖ്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ.

വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.